"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനം - എൽ.എ.സി. 189/2006 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷ - അവാർഡ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.542/2026/LSGD**

തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/10/2025-ലെ കെ16-20184/15 നമ്പർ നടപടിക്രമം.

2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/11/2025-ലെ എസ്1/909/2021/ടിഡ(1) നമ്പർ കത്ത്.

3. സ.ഉ.(സാധാ)നം.3020/2025/തസ്വഭവ, തീയതി, 20-12-2025.

4. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - ഡിമാന്റ് നം. XXII - നഗരവികസനം - ക്രമ. നം. (സി).

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം.1125/5, 1125/6 എന്നിവയിൽ ഉൾപ്പെട്ട 0.40 ആർ വസ്തു, എൽ.എ.സി.189/2006 പ്രകാരം, ഏറ്റെടുത്തത് സംബന്ധിച്ച് മുൻ ഉടമയായ ശ്രീ. ഷാജി എം. മാത്യു പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ സംബന്ധിച്ച് പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 44,84,298/- രൂപ (നാല്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 44,84,298/- രൂപ (നാല്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

3) പരാമർശം (3) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എൽ.എ.സി 189/2006 പ്രകാരം

ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയും തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തിട്ടുള്ളതുമായ മറ്റ് സമാന എൽ.എ.ആർ. കേസുകളിലെ ബാലൻസ് വിധിക്കടത്തുകയും അനുവദിക്കുന്നതിനായി പരാമർശം (4) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതിയുടെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി, എൽ.എ.സി.189/2006 പ്രകാരം തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 1125/5, 1125/6 എന്നിവയിൽ ഉൾപ്പെട്ട 0.40 ആർ വസ്തു ഏറ്റെടുത്തിരുന്നതിന്, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം ശ്രീ. ഷാജി എം. മാത്യു സമർപ്പിച്ച അപേക്ഷ പരിശോധിച്ച്, തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **44,84,298/- രൂപ (നാല്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം)** ശ്രീ. ഷാജി എം. മാത്യുവിന് അനുവദിക്കുന്നതിനായി **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.+
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. ഷാജി എം. മാത്യു, ബഥേൽ, മുളമൂട്, നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/2/2026/FIN. dated 23.02.2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/402/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 02-03-2026 12:16:59

സെക്ഷൻ ഓഫീസർ